(സി) അല്ല.

(ഡി) മാർക്കറ്റിംഗ് കമ്മിറ്റിയുടെ ആസ്തി, ബാദ്ധ്യതകൾ ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ തീരുമാനിക്കേണ്ടതുണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു.

109 (2672) കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന "പരസ്പരം" പരിപാടി

ശ്രീ. പി.എസ്. സുപാൽ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് "പരസ്പരം" എന്ന പരിപാടി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഈ പരിപാടികൊണ്ടുദ്ദേശിക്കുന്നതെന്താണെന്നും ഇതുമൂലം കൃഷിക്കാർക്കുണ്ടാകുന്ന പ്രയോജനം എന്താണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി, പരിഹാരം കണ്ടെത്തുകയാണ് പരിപാടിയുടെ ഉദ്ദേശം.

110 (2673) താൽക്കാലിക വികലാംഗ ജീവനക്കാർക്ക് പുനർ നിയമനം

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിൽ സർക്കാർ ഉത്തരവ് ജി.ഒ.(പി) 32/98 പി.&എ. ആർ.ഡി. തീയതി 17.5.98 പ്രകാരം എത്ര താൽക്കാലിക ജീവനക്കാരായ വികലാംഗർക്ക് പുനർനിയമനം നൽകിയിട്ടുണ്ട്; പുനർനിയമനം നൽകേണ്ടത് ആരാണ്;

(ബി) എറണാകുളം ജില്ലയിൽ എത്രപേർ പുനർനിയമനത്തിന് അപേക്ഷ നൽകിയിട്ടുണ്ട്; ഇവർ ആരെല്ലാം; ഇവർ അപേക്ഷ നൽകിയത് എന്നാണ്;

(സി) ഇതിൽ എത്രപേരെ പുനർനിയമിച്ചു; ആരെല്ലാം;

(ഡി) ഇതിൽ പലരും പുനർനിയമനത്തിന് വളരെ നേരത്തെ അപേക്ഷിച്ചിട്ടും പുനർനിയമനം നൽകാത്തതിന്റെ കാരണം എന്താണ്;

(ഇ) ഇക്കാര്യത്തിൽ കാലതാമസം വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly